**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – അയ്മനം ഗ്രാമപഞ്ചായത്തിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടന പരിപാടിക്ക് ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 244/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/02/2019

പരാമർശം:- 1. അയ്മനം ഗ്രാമപഞ്ചായത്തിന്റെ 05/07/2018 ൽ നടന്ന അടിയന്തര മീറ്റിംഗിലെ 2/1 നമ്പർ തീരുമാനം

2. അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08/08/2018 ലെ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 01/01/2019 ലെ PAN/22707/2018-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമ പഞ്ചായത്തിലെ വിവിധ വികസന പദ്ധതികളായ എൻ.എൻ പിള്ള സ്മാരക സാംസ്കാരിക നിലയം, കൃഷി ഭവൻ, അംഗനവാടി, വിശപ്പ് രഹിത പദ്ധതി, ഡിജിറ്റൽ സർവ്വേ, കുടുംബശ്രീ ക്യാന്റീൻ, സ്മാർട്ട് ഗ്രാമ പഞ്ചായത്ത് മൊബൈൽ ആപ്പ്, ജീവിത ശൈലി രോഗങ്ങളുടെ നിർണ്ണയം മുതലായവയുടെ ഉദ്ഘാടനം ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി നിർവ്വഹിച്ചുവെന്നും, ടി പരിപാടിക്ക് ആകെ 72.380/- രൂപ ചെലവായെന്നും ആയതിനാൽ നിയമ പരമായി തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്ന 25.000/- അധികരിച്ച് വന്ന 47.350/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യുന്നതിന് അംഗീകാരം നൽകണമെന്നും പരാമർശം (2) പ്രകാരം അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമ പഞ്ചായത്തിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനത്തിന് അധികമായി ചെലവായ 47,380/- (നാൽപ്പത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
പ്രസിഡന്റ്, അയ്മനം ഗ്രാമപഞ്ചായത്ത്, അയ്മനം - 686015, കോട്ടയം ജില്ല.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.